**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5628** **16-03-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. മുഖേന ബൈട്രാൻസ്ഫർ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. മുഖേന ബൈട്രാൻസ്ഫർ പ്രൊമോഷന് അപേക്ഷ നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം നിലവിലുള്ള ഒഴിവുകളേക്കാൾ കുറവാണെങ്കിൽ നിയമനം നടത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | ബൈട്രാൻസ്ഫർ ഒഴിവുകൾക്ക് അനുസൃതമായി ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുമ്പോൾ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്നും നികത്തുകയും കേഡർ സ്ട്രെങ്ങ്തിന് ആനുപാതികമായി കുറവുള്ള ബൈട്രാൻസ്ഫർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുകയുമാണ് ചെയ്തു വരുന്നത്. |
| (ബി) | കാറ്റഗറി നമ്പർ 534/2022 പ്രകാരം എച്ച്.എസ്.എ. മലയാളം തസ്തികയിലേക്ക് ബൈട്രാൻസ്ഫർ പ്രൊമോഷന് കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ഒഴിവുകളാണ് നിലവിലുള്ളത്; | (ബി) | ഒരു ഒഴിവ്. |
| (സി) | പ്രസ്തുത തസ്തികയിലേക്കുള്ള അപേക്ഷകരുടെ 17.02.2023-ന് നിശ്ചയിച്ച സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ മാറ്റിവെക്കാനിടയായ കാരണം വ്യക്തമാക്കാമോ; | (സി) | പരീക്ഷ നടത്തിയ ശേഷം വൺ ടൈം വെരിഫിക്കേഷൻ നടത്തിയാൽ മതിയെന്ന കമ്മീഷൻ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ മാറ്റിവച്ചത്. |
| (ഡി) | റിപ്പോർട്ട് ചെയ്ത ഒഴിവുകളേക്കാൾ കുറവാണ് അപേക്ഷിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം എന്നിരിക്കെ നിയമന നടപടികൾ ത്വരിതപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | 2023-ലെ Tentative Examination കലണ്ടറിൽ പ്രസ്തുത തസ്തികയുടെ പരീക്ഷയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ